**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4574** **01-07-2024 - ൽ മറുപടിയ്ക്ക്**

**പുനർജനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | പുനർജനി പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുനർജ്ജനി പദ്ധതി പ്രകാരം നിലവിൽ ധനസഹായം അനുവദിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 04.05.2022-ലെ സ.ഉ(സാധാ)നം. 306/2022/സഹ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br><br>പുനർജ്ജനി പദ്ധതി പ്രകാരം ധനസഹായത്തിനായി പരിഗണിക്കുന്ന സംഘത്തിന് തെരഞ്ഞെടുത്ത ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയും, സംഘം നിയമാവലിയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതുമാണ്. ഈ പദ്ധതിയിൻ കീഴിൽ ഒരു സംഘത്തിന് ഒരു തവണ മാത്രമായിരിക്കും ധനസഹായം ലഭിക്കുക. ടി പദ്ധതിയിൽ പ്രോജക്ട് കോസ്റ്റിന്റെ 85% (35% സർക്കാർ ഓഹരിയും 50% സബ്സിഡിയും) സർക്കാർ ധനസഹായമായിരിക്കും. പ്രോജക്ട് കോസ്റ്റിന്റെ 15% സംഘം സ്വയം ചെലവഴിക്കേണ്ടതാണ്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സംഘങ്ങൾ എന്ന ക്രമത്തിലായിരിക്കും ധനസഹായം അനുവദിക്കുന്നതിലുള്ള മുൻഗണന. |
| (ബി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം കൊടുവള്ളി പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി-2316, വിലങ്ങാട് പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി-2309, നടുവണ്ണൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി-2413 എന്നീ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ